ഖാദി ഉല്പാദനവും വിപണനവും

129(2330) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിപണിയിൽ ആവശ്യമുള്ളത്ര ഖാദി വസ്തുങ്ങൾ ഇവിടെ ഉൽപാദിപ്പിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ ഖാദിയുടെ ഉൽപാദനവും വിപണനവും എത്രയാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) വിപണിയിൽ ആവശ്യമുള്ളത്ര ഖാദി വസ്തുങ്ങൾ ഇവിടെ ഉല്പാദിപ്പിക്കുന്നില്ല.

(ബി)

വർഷം	ഉല്പാദനം	വിപണനം
2013-14	3927.82 ലക്ഷം	106.02 കോടി
2014-15	4615.23 ലക്ഷം	122.87 കോടി

ഖാദി വ്യവസായ നവീകരണം

130(2331) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി വ്യവസായ നവീകരണവുമായി ബന്ധപ്പെട്ട് ഗോപിനാഥൻ നായർ കമ്മിറ്റി സമർപ്പിച്ച നിർദ്ദേശങ്ങളിൽ ഏതെല്ലാം കർമ്മ പദ്ധതികളാണ് ഇതുവരെ നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികൾക്കായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും അവയിൽ എത്ര തുക വിനിയോഗിച്ചിട്ടുണ്ടെന്നും പദ്ധതി അടിസ്ഥാനത്തിൽ വിശദമാക്കുമോ;

(സി) പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിലാക്കിയതിന്റെ ഭാഗമായി ഖാദി ഉൽപാദനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ഖാദി വ്യവസായ നവീകരണവുമായി ബന്ധപ്പെട്ട് ശ്രീ. ഗോപിനാഥൻ നായർ കമ്മിറ്റി ശുപാർശ നടപ്പാക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികളാണ് ഖാദി ബോർഡ് ഉൾപ്പെടെ സംസ്ഥാനത്തെ എല്ലാ സ്ഥാപനങ്ങളുംവഴി നടപ്പാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

1. ചർക്കകൾ സ്ഥാപിക്കൽ
2. തറികൾ സ്ഥാപിക്കൽ
3. പരിശീലനം നൽകൽ
4. റെഡിമെയ്ഡ് പാവ് യൂണിറ്റ് സ്ഥാപിക്കൽ
5. പുതിയ വർക്ക് ഷെഡ് സ്ഥാപിക്കൽ
6. നിലവിലെ വർക്ക് ഷെഡ് റിപ്പയർ നടത്തൽ
7. പ്രവർത്തന മൂലധനം നൽകൽ
8. ഡൈ ഹൈഡുകൾ സ്ഥാപിക്കൽ
9. കോട്ടൺ ഗോഡൗൺ സ്ഥാപിക്കൽ
10. സിൽക്ക് യൂണിറ്റ് സ്ഥാപിക്കൽ

(ബി) 2012-13 വർഷം 96 ലക്ഷം രൂപയും 2013-14 വർഷം 1425 ലക്ഷം രൂപയും ചേർത്ത് ആകെ 1521 ലക്ഷം രൂപ പ്രസ്തുത പദ്ധതിക്കായി അനുവദിച്ചിട്ടുണ്ട്. ആയതു സംസ്ഥാനത്തെ എല്ലാ ഖാദി സ്ഥാപനങ്ങൾക്കും (ഖാദി ബോർഡ് ഉൾപ്പെടെ) താഴെപ്പറയും പ്രകാരം വിനിയോഗിച്ചു:

1.	ചർക്കകൾ വാങ്ങുന്നതിന്	117 ലക്ഷം
2.	തറികൾ വാങ്ങുന്നതിന്	260 ലക്ഷം
3	പരിശീലനം	78 ലക്ഷം
4.	റെഡിമെയ്ഡ് പാവ് യൂണിറ്റ്	160 ലക്ഷം
5.	പുതിയ വർക്ക് ഷെഡ്	225 ലക്ഷം
6.	നിലവിലെ വർക്ക് ഷെഡ് റിപ്പയർ	180 ലക്ഷം
7.	പ്രവർത്തന മൂലധനം	376 ലക്ഷം
8.	രണ്ട് ഡൈഹൗസ് സ്ഥാപിക്കൽ	50 ലക്ഷം
9.	കോട്ടൺ ഗോഡൗൺ സ്ഥാപിക്കൽ	50 ലക്ഷം
10.	സിൽക്ക് യൂണിറ്റ് ആരംഭിക്കൽ	25 ലക്ഷം

(സി) ശ്രീ. ഗോപിനാഥൻ നായർ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഖാദി ബോർഡിനു കീഴിലും സംസ്ഥാനത്തെ മറ്റ് ഖാദി സ്ഥാപനങ്ങളുടെ കീഴിലും പ്രവർത്തിക്കുന്ന ഉല്പാദന കേന്ദ്രങ്ങളിൽ കൂടുതൽ മെച്ചപ്പെട്ട ചർക്കകളും തറികളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും സ്ഥാപിച്ചതിന്റെ ഫലമായി ഉല്പാദനം വർദ്ധിക്കുകയും ആനുപാതികമായി തൊഴിലാളികൾക്ക് മെച്ചപ്പെട്ട കൂലി ലഭിക്കുകയും ചെയ്യുന്നു. ഇതോടൊപ്പംതന്നെ കൂടുതൽ ഖാദി ഉല്പാദന കേന്ദ്രങ്ങൾ സ്ഥാപിക്കുവാനും ഇടയായി. അതായത് സംസ്ഥാനത്ത് ഖാദി ഉല്പാദനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. പദ്ധതിയുടെ പൂർത്തീകരണത്തോടെ ഇനിയും കൂടുതൽ ഉല്പാദനവും തൊഴിലവസരങ്ങളും ഉണ്ടാകുന്നതാണ്.

ഖാദി മേഖലയിലെ ഇൻകം സപ്പോർട്ട് സ്കീം

131(2332) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻകം സപ്പോർട്ട് സ്കീം പ്രകാരം 2013-14, 2014-15, 2015-16 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഖാദി മേഖലയ്ക്ക് അനുവദിച്ച തുക എത്രയെന്നും അതിൽ എത്ര തുക വിനിയോഗിച്ചുവെന്നും വിശദമാക്കാമോ ;

(ബി) പ്രസ്തുത സ്കീം പ്രകാരം അനുവദിച്ച തുക എത്രപേർക്ക് ലഭിച്ചുവെന്ന് ഖാദി സ്ഥാപനങ്ങൾ തിരിച്ച് വിശദമാക്കാമോ?

ഉത്തരം

(എ)

വർഷം	തുക	വിനിയോഗം
2013-14	18 കോടി	പൂർണ്ണമായും
2014-15	22 കോടി	വിനിയോഗിച്ചു
2015-16	13.5 കോടി	

(ബി) തൊഴിലാളികളെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം I ലും ഖാദി സ്ഥാപനങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം II ലും ചേർക്കുന്നു. *

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly